**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2848** **28-02-2023 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണങ്ങൾക്ക് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വന്യജീവി ആക്രമണങ്ങളിൽ മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്കും പരിക്കേറ്റവർക്കും ഫണ്ടിന്റെ അപര്യാപ്തത മൂലം നഷ്ടപരിഹാരം അനുവദിക്കാൻ കഴിയാത്ത എത്ര കേസുകൾ നിലവിൽ ഉണ്ട് എന്ന് വ്യക്തമാക്കുമോ; ഫണ്ട് ലഭിക്കാത്തതിന്റെ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് വന്യജീവി ആക്രമണങ്ങളിൽ മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്കും പരിക്കേറ്റവർക്കും ഫണ്ടിന്റെ അപര്യാപ്തത മൂലം നഷ്ടപരിഹാരം അനുവദിക്കാൻ കഴിയാത്ത 1551 കേസുകൾ നിലവിലുണ്ട്. അധിക തുക ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | വന്യജീവി ആക്രമണങ്ങളിൽ പരിക്കേൽക്കുന്നവർക്കും മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നതിനായി കേന്ദ്രഫണ്ട് ലഭ്യമാകുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഫണ്ട് മുൻവർഷങ്ങളിൽ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടോ; 2016 17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഓരോ വർഷവും ഈ ഇനത്തിൽ കേന്ദ്രസർക്കാർ അനുവദിച്ച ഫണ്ടിന്റെ വിശദാംശം നൽകുമോ? | (ബി) | വന്യജീവി ആക്രമണങ്ങളിൽ പരിക്കേൽക്കുന്നവർക്കും മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതികളായ പ്രോജക്റ്റ് എലിഫന്റ്, ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ്സ്- പ്രൊട്ടക്ഷൻ ഓഫ് വൈൽഡ് ലൈഫ്- ഔട്ട് സൈഡ് പ്രൊട്ടക്റ്റഡ് ഏരിയ സ്കീമുകളിൽ തുക ലഭിച്ചു വരുന്നു. 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഓരോ വർഷവും പ്രസ്തുത സ്കീമുകളിൽ നഷ്ടപരിഹാരം നൽകുന്നതിനായി കേന്ദ്ര സർക്കാർ അനുവദിച്ച തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| വർഷം | പ്രോജക്റ്റ് എലിഫന്റ് | | ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ്സ്- പ്രൊട്ടക്ഷൻ ഓഫ് വൈൽഡ് ലൈഫ് - ഔട്ട് സൈഡ് പ്രൊട്ടക്റ്റഡ് ഏരിയ | |
|---|---|---|---|---|
| | ലഭിച്ച തുക | ചെലവാക്കിയ തുക | ലഭിച്ച തുക | ചെലവാക്കിയ തുക |
| | | | | (തുക ലക്ഷത്തിൽ) |
| 2016-2017 | 92.59 | 92.40 | 7.20 | 7.20 |
| 2017-2018 | 75.00 | 75.00 | 120.00 | 109.32 |
| 2018-2019 | 75.60 | 75.60 | 108.29 | 108.29 |
| 2019-2020 | 79.96 | 79.96 | 0.00 | 0.00 |
| 2020-2021 | 75.36 | 75.36 | 113.28 | 113.28 |
| 2021-2022 | 84.63 | 84.63 | 0.00 | 0.00 |
| 2022-2023 | 19.28 | 19.28 | 50.00 | 44.98 |